# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1080** — 04.02.2019-ൽ മറുപടിക്ക്

## റോഡ് വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.അബ്ദുറഹിമാൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുനർനിർമ്മിക്കുന്ന റോഡുകൾക്ക് മതിയായ വീതിയില്ലാത്തതിനാൽ ഗതാഗതക്കുരുക്ക് പരിഹരിക്കപ്പെടുകയോ റോഡ് സൗകര്യം കൂട്ടുകയോ ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കാവുന്ന പ്രവൃത്തികൾ എല്ലാം തന്നെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) റോഡ് പുനർനിർമ്മിക്കുമ്പോൾ കാലഘട്ടത്തിനനുസരിച്ച് വീതി കൂട്ടുന്നതിനും ആധുനിക സൗകര്യങ്ങളോടു കൂടി വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്ന റോഡുകൾക്ക് സ്ഥലത്തിന്റേയും ഫണ്ടിന്റേയും ലഭ്യതയ്ക്കനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നുണ്ട്. ഇപ്രകാരം വികസിപ്പിക്കുന്ന റോഡുകൾ എല്ലാം തന്നെ ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഡിസൈൻ ചെയ്താണ് പുനർനിർമ്മിക്കുന്നത്. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്താൻ സാധിക്കാത്ത പ്രവൃത്തികൾക്ക് നിലവിൽ ഉള്ള റൈറ്റ് ഓഫ് വേ-യുടെ ഉള്ളിൽ നിർത്തി ആധുനിക സൗകര്യങ്ങളോടുകൂടി പുനർ നിർമ്മിച്ചു വരുന്നു. |
| (സി) കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും ആവശ്യമുള്ള ഘട്ടത്തിൽ മതിയായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്തും റോഡു വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ